(സി) ഇത് പരിഹരിക്കുവാൻ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ഡി) ജനകീയാസൂത്രണപദ്ധതി പ്രകാരം ഉല്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്ക് വിപണനസൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ അതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) :

(എ) നിലവിലുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഉണ്ട്. സംയോജിത ഗ്രാമവികസന പരിപാടി (ഐ.ആർ.ഡി.പി), ഗ്രാമീണ വനിതാ ശിശുവികസന പരിപാടി (ഡി.ഡബ്ല്യു.സി.ആർ.എ). ഗ്രാമീണ കൈത്തൊഴിലുപകരണ പരിപാടി എന്നീ പദ്ധതികളുടെ ഗുണഭോക്താക്കൾ, മഹിളാ സമാജങ്ങൾ, ഗ്രാമീണ സന്നദ്ധസംഘടനകൾ തുടങ്ങിയവർ ഉല്പാദിപ്പിക്കുന്ന സാധനസാമഗ്രികൾ വിപണനം നടത്തുന്നതിന് ഗ്രാമവികസന വകുപ്പിന്റെ നിയന്ത്രണത്തിൽ 'കേരള റൂറൽ ഡെവലപ്പ്മെന്റ് മാർക്കറ്റിംഗ് സൊസൈറ്റി' പ്രവർത്തിച്ചുവരുന്നുണ്ട്. ഐ.ആർ.ഡി.പി, ഡി.ഡബ്ല്യു.സി.ആർ.എ. ഗുണഭോക്താക്കൾക്ക് ആവശ്യമായ അസംസ്കൃതസാധനങ്ങൾ ലഭ്യമാക്കുന്നതിനും ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് 'ജില്ല സപ്ലൈ ആന്റ് മാർക്കറ്റിംഗ് സൊസൈറ്റികൾ' എല്ലാ ജില്ലകളിലും രൂപീകരിച്ചിട്ടുണ്ട്. നാലു ജില്ലകളിൽ ഇതിനകംതന്നെ വിപണനകേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഐ.ആർ.ഡി.പി.യുടെ അടിസ്ഥാന സൗകര്യങ്ങൾക്കുള്ള ഫണ്ട്, ബ്ലോക്കു പഞ്ചായത്തുകളുടെ പദ്ധതിവിഹിതം എന്നിവ വിനിയോഗിച്ച് ചില ബ്ലോക്കുകളിൽ ബ്ലോക്കുതല വിപണനകേന്ദ്രങ്ങളും ആരംഭിച്ചിട്ടുണ്ട്. ഓണക്കാലത്ത് എല്ലാ ജില്ലകളിലും വിപണനമേളകൾ സംഘടിപ്പിക്കാറുണ്ട്.

ഈ സാമ്പത്തികവർഷം മുതൽ നടപ്പിലാക്കുന്ന സ്വർണ്ണജയന്തി ഗ്രാമീണ സ്വയംതൊഴിൽ പദ്ധതിയിൻ കീഴിൽ ഗ്രാമീണ സ്വയം തൊഴിൽ സംരംഭകർ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് വ്യവസ്ഥയുണ്ട്.

(ഡി) സർക്കാർതലത്തിൽ പ്രത്യേക സൗകര്യം ഏർപ്പെടുത്തിയിട്ടില്ല.

(ഇ) ജനകീയാസൂത്രണ പദ്ധതിപ്രകാരം ഉല്പാദിപ്പിക്കപ്പെടുന്ന ഗ്രാമീണ ഉല്പന്നങ്ങൾക്കുള്ള വിപണന സൗകര്യം അതാത് പ്രോജക്ടുകളിൽ പറയുംപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏർപ്പെടുത്താവുന്നതാണ്. കൂടാതെ ജനകീയാസൂത്രണ പദ്ധതിപ്രകാരം ദാരിദ്ര്യരേഖക്കു താഴെയുള്ള ഗുണഭോക്താക്കൾ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് നിലവിലുള്ള സംസ്ഥാന, ജില്ലാ ബ്ലോക്കുതല ഐ.ആർ.ഡി.പി. വിപണനകേന്ദ്രങ്ങളിലെ സൗകര്യങ്ങളും വിനിയോഗിക്കാവുന്നതാണ്.

7 (* 237) ജലസംഭരണത്തിനുള്ള നടപടികൾ

ശ്രീ. പി.ജെ. ജോയി :

ശ്രീ. എഴുകോൺ നാരായണൻ :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ.കെ. മണി :

ശ്രീ. പാലോട് രവി :

ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു ജലസംരക്ഷണ അവബോധം സൃഷ്ടിക്കുന്നതിന് ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്.;

(ബി) ജലക്ഷാമത്തിന്റേതായ നൂറ്റാണ്ടാണ് വരുന്നതെന്നും, വരുംതല മുറയ്ക്കായി ജലം സംഭരിച്ചുവയ്ക്കണമെന്നുള്ള ഐക്യരാഷ്ട്ര സംഘടനയുടെ മുന്നറിയിപ്പിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നു;

(സി) ഭൂഗർഭജലം സംരക്ഷിക്കുന്നതിനായി വയലുകളും ചതുപ്പുകളും സംരക്ഷിക്കുവാൻ ഗവൺമെന്റ് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദീകരിക്കുമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) :

(എ) ഭൂഗർഭ ജലസ്രോതസ്സുകൾ ശാസ്ത്രീയമായി ഉപയോഗപ്പെടുത്തുക വഴി ലഭ്യമായ ഭൂജലം ഏറ്റവും പ്രയോജനകരമായി ഉപയോഗപ്പെടുത്തുന്നതിന് ആവശ്യമായ ശാസ്ത്രീയവും സാങ്കേതികവുമായ പ്രവർത്തനങ്ങളും, അമിതവും അശാസ്ത്രീയവും അനിയന്ത്രിതവുമായ ഉപയോഗം നിയന്ത്രിക്കുന്നതിനുതകുന്ന ഒരു നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണനയിലാണ്. ജനങ്ങളിൽ ജലസംരക്ഷണത്തെപ്പറ്റി ബോധവൽക്കരണം ഉളവാക്കുവാനായി കുടിവെള്ളത്തിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള ആപ്തവാക്യങ്ങൾ, വാട്ടർ അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ തിയേറ്ററുകളിൽ സ്ലൈഡുകളായി പ്രദർശിപ്പിക്കുകയും ലഘുലേഖകൾ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 'ശുദ്ധജലം അമൂല്യമാണ്, പാഴാക്കരുത്' എന്ന വാക്യം അച്ചടിച്ച രസീതുകളാണ് ഇപ്പോൾ വാട്ടർ ചാർജ്ജ് അടയ്ക്കുന്ന ഉപഭോക്താക്കൾക്ക് നൽകുന്നത്.

ഇത് കൂടാതെ നമ്മുടെ ജലസമ്പത്ത് ഭാവിയിൽ പരമാവധി പ്രയോജനപ്പെടുത്തുകയും മാനേജ് ചെയ്യുകയും ചെയ്യുന്നതിനായി ഒരു 'ജലനയം' ജലസേചനവകുപ്പ് ആവിഷ്കരിച്ചിട്ടുണ്ട്. ലഭ്യമായ ജലം ഒന്നും തന്നെ പാഴാക്കാതെ കൃഷിക്കാർക്ക് ആവശ്യാനുസരണം ഉപയുക്തമാക്കുവാൻ വേണ്ട സംവിധാനങ്ങൾ ഏർപ്പെടുത്തുക എന്നുള്ള കർത്തവ്യം 'കാഡാ' നിർവഹിക്കുന്നുണ്ട്.

(ബി) അനിയന്ത്രിതമായ ഭൂജലചൂഷണം തടയുവാനുള്ള നിയമം കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നു. ഇതിന്റെ കരടുബിൽ ആയിട്ടുണ്ട്. കൂടാതെ 'രണ്ടായിരമാണ്ടോടെ എല്ലാവർക്കും കുടിവെള്ളം' എന്ന ഒരു കർമ്മപരിപാടി ആസൂത്രണം ചെയ്ത് നടപ്പാക്കി വരുന്നു. വാട്ടർ അതോറിറ്റി, തദ്ദേശ സ്വയംഭരണവകുപ്പ്, ജലസേചനവകുപ്പ്, ഭൂജലവകുപ്പ്, ജലവിഭവ വിപുലീകരണ സംരക്ഷണ കേന്ദ്രം എന്നീ സ്ഥാപനങ്ങൾ സംയുക്തമായിട്ടാണ് ഈ പരിപാടി നടപ്പിലാക്കുവാൻ വിഭാവനം ചെയ്തിരിക്കുന്നത്. പ്രസ്തുത പരിപാടിയിൽ വരുംതലമുറയ്ക്കായി ജലം സംഭരിച്ചുവയ്ക്കണമെന്ന ഉദ്ദേശത്തോടെ 'മഴവെള്ളശേഖരണം', 'ജലസംരക്ഷണം' എന്നീ സംരംഭങ്ങൾക്ക് പ്രാധാന്യം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഭൂഗർഭ ജലം സംരക്ഷിക്കുക എന്ന നിശ്ചിത ലക്ഷ്യത്തോടെ വയലുകളും ചതുപ്പുകളും സംരക്ഷിക്കുവാൻ പ്രത്യേക നടപടിയൊന്നും സ്വീകരിച്ചിട്ടില്ല.

8 (* 238) മത്സ്യ വിപണന ബൂത്തുകൾ

ശ്രീ. യു.എസ്. ശശി :
ശ്രീ. പി. രാജു :
ശ്രീ. പി. നാരായണൻ :
ശ്രീ. കെ. പ്രകാശ്ബാബു :
ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യ വിപണന ബൂത്തുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ മൊത്തം എത്ര ബൂത്തുകൾ സ്ഥാപിക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഈ ബൂത്തുകൾ തുടങ്ങുന്നതിന് പാലിക്കേണ്ട നിബന്ധനകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ഡി) തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളുടെ സഹായത്തോടെയാണോ പ്രസ്തുത പദ്ധതി നടപ്പാക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഇ) ഇതിനായി ജില്ലകൾക്ക് എത്ര തുക നൽകിയെന്ന് വ്യക്തമാക്കുമോ?

ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) :

(എ) ഉണ്ട്.

(ബി) എൻ.സി.ഡി.സി-യുടെ ധനസഹായത്തോടെ നടപ്പിലാക്കുന്ന സംയോജിത മത്സ്യവികസന പദ്ധതി, 98 പ്രകാരം 80-ഉം കോൾഡ് ചെയിൻ പദ്ധതി പ്രകാരം 100-ഉം മത്സ്യ വിപണന ബൂത്തുകൾ ആരംഭിക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. കൂടാതെ സംസ്ഥാനത്തെ പ്രധാനപ്പെട്ട മത്സ്യ ഉപഭോക്തൃ കേന്ദ്രങ്ങളിൽ മിൽമാ ബൂത്തുകളുടെ മാതൃകയിൽ 120 മത്സ്യ വിതരണ ബൂത്തുകൾ, തദ്ദേശ ഭരണസ്ഥാപനങ്ങളുടെ സഹായത്തോടെ സ്ഥാപിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ട്.

(സി) എൻ.സി.ഡി.സി-യുടെ ധനസഹായത്തോടെ ആരംഭിക്കുന്ന മത്സ്യവിതരണ ബൂത്തുകൾ പ്രാഥമിക സഹകരണ സംഘങ്ങൾ വഴിയായിരിക്കും നടത്തുന്നത്. രണ്ട്പേർ ഉൾപ്പെടുന്ന ഗ്രൂപ്പിനായിരിക്കും ബൂത്ത് അനുവദിക്കുക. വായ്പ കാലാവധി 3 വർഷമായിരിക്കും. വായ്പ തുകയ്ക്ക് 15% പലിശ ഈടാക്കുന്നതാണ്. തിരിച്ചടവിൽ വീഴ്ച വരുത്തിയാൽ 2.5% പിഴ പലിശ കൂടി ഈടാക്കുന്നതായിരിക്കും. എൻ.സി.ഡി.സി-യുടെയും, കേന്ദ്ര ഭക്ഷ്യസംസ്കരണ മന്ത്രാലയത്തിന്റെയും ധനസഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയിൽ മത്സ്യ വിപണന കേന്ദ്രങ്ങൾ തുടങ്ങുന്നതിനുള്ള മുൻഗണന പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾക്കായിരിക്കും. പ്രസ്തുത സംഘങ്ങൾക്ക് വിപണന കേന്ദ്രങ്ങൾ തുടങ്ങാൻ കഴിയാത്ത പ്രദേ

LIBRARY ARCHIVES Kerala Legislative Assembly